LIBRARY ARCHIVES Kerala Legislative Assembly

സബ് രജിസ്ട്രാർ ഓഫീസ് പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം

110 [669] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) പാലക്കാട് ജില്ലയിൽ കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ–ഡി) പൊതുജനങ്ങളിൽ നിന്നും ജന പ്രതിനിധികളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നിവേദനങ്ങളിലെ ആവശ്യം കണക്കിലെടുത്ത് റവന്യൂ അധികാരികളുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പുതുതായി സബ് രജിസ്ട്രാർ ഓഫീസുകൾ അനുവദിക്കുന്നതാണ് നടപടിക്രമം. പുതിയ ആഫീസുകൾ തുടങ്ങാൻ ഇപ്പോൾ ഉദ്ദേശമില്ല.

വിജിലൻസ് റെയ്ഡ് നടത്തിയിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസുകൾ

111 [670] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ടെന്നും ആഫീസുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് റെയ്ഡിൽ എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നടപടിക്ക് വിധേയരായ എത്ര ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?